പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1130 13.12.2012-ൽ മറുപടിക്ക്

## സ്കൂൾ വികസന പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോസഫ് വാഴക്കൻ :<br>ശ്രീ. വി.റ്റി. ബൽറാം :<br>ശ്രീ. വി.പി. സജീന്ദ്രൻ :<br>ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി: | ശ്രീ.പി.കെ.അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പുമന്ത്രി) |

---

| | | | |
|---|---|---|---|
| (എ) | സ്കൂൾ വികസന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ: വിശദാംശങ്ങൾ എന്തെല്ലാം; | (എ) | വിദ്യാഭ്യാസ അവകാശനിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഗവൺമെന്റ് സ്കൂളുകളിൽ സ്കൂൾ മാനേജ്മെന്റ് കമ്മിറ്റികൾ രൂപീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. എയിഡഡ് സ്കൂളുകളിൽ ഇവയ്ക്ക് ഉപദേശക സമിതിയുടെ ചുമതലയായിരിക്കും ഉണ്ടാവുക. സ്കൂൾ മാനേജ്മെന്റ് കമ്മിറ്റികളാണ് സ്കൂൾ വികസന പദ്ധതി തയ്യാറാക്കി നടപ്പിലാക്കുന്നതിന് ശുപാർശ ചെയ്യുന്നത്. ഇതിന്റെ പ്രവർത്തനങ്ങൾ ഗവൺമെന്റ് സ്കൂളുകളിൽ തുടങ്ങി കഴിഞ്ഞു |
| (ബി) | ഈ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ; | (ബി) | സ്കൂളിന്റെ സർവതോന്മുഖമായ വികസനം മുന്നിൽ കണ്ടുകൊണ്ട് കുട്ടികൾക്ക് ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കുകയാണ് ലക്ഷ്യം. |

| | |
|---|---|
| (സി) വിദ്യാഭ്യാസ അവകാശ നിയമം നടപ്പാക്കുന്നതിന്റെ ഭാഗമായി എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (സി) സ്കൂൾ വികസന പദ്ധതി മൂന്ന് വാർഷിക ഉപപദ്ധതികൾ അടങ്ങിയ ഒരു ത്രിവത്സര പദ്ധതിയായിട്ടാണ് നടപ്പിലാക്കുന്നത്. സ്കൂൾ വികസന പദ്ധതിയിലെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>(i) ഓരോ വർഷത്തേയും ക്ലാസ് അടിസ്ഥാനത്തിലുള്ള പ്രവേശനത്തിന്റെ എസ്റ്റിമേറ്റുകൾ<br>(ii) കെട്ടിടം, ലബോറട്ടറി, ലൈബ്രറി, ടോയ്‌ലറ്റുകൾ, കുടിവെള്ളം, മര ഉരുപ്പടികൾ, ഉപകരണങ്ങൾ, കളിസ്ഥലം എന്നിവ ഉൾപ്പെടെ നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങൾ.<br>(iii) ഓരോ ഇനത്തിന് കീഴിലേയും സ്കൂളിന്റെ ഭാവി ആവശ്യങ്ങൾ മുന്നിൽ കണ്ടുകൊണ്ട് വിദ്യാർത്ഥി സൗഹൃദവും പരിസ്ഥിതി സൗഹൃദവുമായ നിർമ്മാണ സങ്കൽപ്പങ്ങൾ ഉൾപ്പെടുത്തികൊണ്ട് സ്കൂളിന് വേണ്ടി ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കി നൽകുക.<br>(iv) വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ പട്ടികയിലെ മാർഗ്ഗ നിർദ്ദേശങ്ങളിൽ പരാമർശിക്കുന്ന രീതിയിലും കേരള വിദ്യാഭ്യാസ ചട്ടങ്ങൾക്ക് അനുസൃതമായുള്ള അധിക അടിസ്ഥാന സൗകര്യങ്ങളുടെയും ഉപകരണങ്ങളുടെയും ഭൗതിക ആവശ്യകത, പ്രത്യേകിച്ചും ലബോറട്ടറി, ഇൻഫർമേഷൻ ആന്റ് കമ്മ്യൂണിക്കേഷൻ ടെക്നോളജി, ലൈബ്രറി സ്പോർട്സ് ആന്റ് ഗെയിംസ് എന്നിവയ്ക്ക് മാസ്റ്റർ പ്ലാൻ തയ്യാറാക്കുക.<br>(v) താമസിച്ച് പ്രവേശനം ലഭിച്ചവർക്കുള്ള പ്രത്യേക പരിശീലന സൗകര്യം, പ്രായത്തിന്റെ അടിസ്ഥാനത്തിൽ ഓരോ വിഭാഗത്തിന്റേയും ആവശ്യകതകൾ പ്രത്യേകമായി വിലയിരു |

ത്തൽ, സൗജന്യമായി പാഠപുസ്തകങ്ങൾ, യൂണിഫോം, സൗജന്യ യാത്രാ സൗകര്യം, സൗജന്യ താമസ സൗകര്യം എന്നിവയിലുള്ള ചെലവുകളും കൂടാതെ ഈ ആക്ടിൻ കീഴിൽ സ്കൂളിന്റെ ചുമതലകൾ നിറവേറ്റുന്നതിന് മറ്റെന്തെങ്കിലും അധിക ആവശ്യകത എന്നിവ ഉൾപ്പെടെയുള്ള സാമ്പത്തിക ആവശ്യകത.

(vi) നിയമാവലികൾക്കനുസൃതമായി കണക്കാക്കിയിട്ടുള്ള പ്രകാരം 1 മുതൽ 5 വരെയുള്ള ക്ലാസ്സുകൾക്കും 6 മുതൽ 8വരെയുള്ള ക്ലാസ്സുകൾക്കും ആവശ്യമുള്ള എണ്ണം പ്രത്യേകം സബ്ജക്ട് അധ്യാപകർ, പാർട്ട് ടൈം അധ്യാപകർ, പ്രഥമാധ്യാപകൻ ഉണ്ടെന്ന് ഉറപ്പുവരുത്തൽ.

| | |
|---|---|
| (ഡി) എതെല്ലാം തരം സ്കൂളുകളിലാണ് ഈ പദ്ധതി നടപ്പാക്കുന്നത്? | (ഡി) ആദ്യപടി എന്ന നിലയിൽ ഗവൺമെന്റ് സ്കൂളുകളിലാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. |

Kumari [signature]
സെക്ഷൻ ഓഫീസർ